LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് അനുസരിച്ച് നിരത്തു വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് അധികാരമുണ്ട്. തങ്ങളിൽ നിക്ഷിപ്തമായ ചുമതലയിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്ക് എതിരെ വകുപ്പ് തലത്തിൽ നിലവിലുള്ള ചട്ടങ്ങൾ അനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതിനും പബ്ലിക് ഇൻഫർമേഷൻ സെൽ മുഖേന ആക്ഷേപങ്ങൾ സ്വീകരിച്ച് അവ പരിശോധിച്ചശേഷം നടപടിയെടുക്കുന്നതിനും ഉന്നത ഉദ്യോഗസ്ഥർക്കും സർക്കാരിനും അധികാരമുണ്ട്.

(സി&ഡി) ഡ്രെയിനേജ് സംരക്ഷണം, നിലവിലുള്ള പൊതുരേഖാമത്ത് വകുപ്പ് മാന്വലിലും കോഡിലും ഉൾപ്പെട്ടിട്ടുണ്ട്.

ഫുട്പാത്ത് നിർമ്മാണം

125 (2229) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എം. ജെ. ജേക്കബ് :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ടി. പി. കുഞ്ഞുണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാൽനടക്കാരുടെ സൗകര്യം ഉറപ്പാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) പദ്ധതിക്ക് എത്ര കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു ;

(സി) ഫുട്പാത്തുകൾ നിർമ്മിക്കുന്നതോടൊപ്പം റോഡിനോട് ചേർന്നുള്ള ഓടകളുടെ നിർമ്മാണത്തിനും സംരക്ഷണത്തിനും പ്രത്യേക പരിഗണന നൽകുമോ ;

(ഡി) ഫുട്പാത്തുകൾ കയ്യേറി കച്ചവടസ്ഥാപനങ്ങളും മറ്റ് നിർമ്മാണ പ്രവർത്തനങ്ങളും നടത്തുന്നത് തടയാൻ കർശന നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കാൽനടയാത്രക്കാരുടെ സൗകര്യം ഉറപ്പുവരുത്തുന്നതിന് എല്ലാ സംസ്ഥാന പാതകളിലെയും മേജർ ജില്ലാ റോഡുകളിലും തിരക്കേറിയ ജംഗ്ഷനുകളിലും മറ്റും ഫുട്പാത്തുകൾ നിലവിൽ നിർമ്മിച്ചിട്ടുണ്ട്. പുതിയ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ഫുഡ്പാത്തുകൾ കൂടി നിർമ്മിക്കുന്ന തരത്തിലാണ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്.

(ബി) നടപ്പാതകൾക്ക് മാത്രമായി പ്രത്യേക പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ലാത്തതിനാൽ ചെലവ് കണക്കാക്കിയിട്ടില്ല.

(സി) നൽകുന്നുണ്ട്.

(ഡി) ഇപ്പോൾ തന്നെ കർശന നടപടി എടുക്കുന്നുണ്ട്.